## <u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>

<u>തിരുവനന്തപുരം</u>

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - മാഞ്ഞൂർ വില്ലേജ് - പെട്രോൾ പമ്പ് - കെട്ടിട നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/03/2019 ലെ എ 1-2108/2019 നമ്പർ കത്ത്

2. കോട്ടയം ടൗൺ പ്ലാനറുടെ 25/02/2019 ലെ സി/219/2019.ഡി.ഡിസ് നമ്പർ കത്ത്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/454/2019 -C3** തീയതി:**14/05/2019**

---

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മാഞ്ഞൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 22/4-1-1-ൽ പ്പെട്ട 1390 ച.മീ. സ്ഥലത്ത് 36. 28 ച.മീ. സെയിൽസ് ബിൽഡിംഗ്, 112 ച.മീ. കനോപ്പി ഉൾപ്പെട്ട പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. എം. ആർ. ജോൺസൺ പോൾ, ശ്രീമതി. ഏലിയാമ്മ മാത്യു എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. ചട്ടം 61 (16) പ്രകാരം ദ്രവ മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള സംവിധാനം , ചട്ടം 61 (17) പ്രകാരം മലിന ജലത്തിന്റെ പുന :ചംക്രമണ - പുനരുപയോഗ സംവിധാനം എന്നിവ നൽകിയിരിക്കണം.
8. ചട്ടം 61(8) പ്രകാരം വനിതകൾക്കായി 2 വാട്ടർ ക്ലോസറ്റുകൾ നൽകിയിരിക്കണം.
9. കെ.പി.ബി.ആർ ചട്ടം 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. വാണിജ്യ കെട്ടിടത്തിന് കെ .പി.ബി.ആർ ചട്ടം (38) പ്രകാരം ആവശ്യമായ പാർക്കിംഗ് നൽകിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 39/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:–

1. ശ്രീ. എം. ആർ ജോൺസൺ പോൾ & ശ്രീമതി. ഏലിയാമ്മ മാത്യു, കരിക്കാമുകളേൽ ഹൗസ്, മേമുറിക്കര, മാഞ്ഞൂർ വില്ലേജ്, വൈക്കം, കോട്ടയം
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം